Concession to children born of intercaste marriage

**കേരള സർക്കാർ**

സംഗ്രഹം

ഹരിജനക്ഷേമം- മിശ്രവിവാഹിതരുടെ കുട്ടികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ കൂടുതൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

==============================================================

**വികസന (ഡി) വകുപ്പ്**

സർക്കാർ ഉത്തരവ് (സാധാരണ) 806/79/ഡി.ഡി. 1979 ഏപ്രിൽ, 24

==============================================================

വായിക്കുക:
1. ജി.ഒ. (എം.എസ്.) 298/61/റവന്യൂ 23.03.1961
2. ജി.ഒ. (എം.എസ്.) 11/77/ഡി.ഡി. 25.01.1977
3. ജി.ഒ. (എം.എസ്.) 36/78/ഡി.ഡി. 01.03.1978

**ഉത്തരവ്**

ഇപ്പോൾ നിലവിലുള്ള ഉത്തരവുകൾ അനുസരിച്ച് മിശ്രവിവാഹിത ദമ്പതിമാരിലൊരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ അംഗമാണെങ്കിൽ അവരുടെ സന്താനങ്ങൾ അതേ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾക്ക് വരുമാനപരിധിക്ക് വിധേയമല്ലാതെ തന്നെ അർഹരാണ്. എന്നാൽ പിന്നോക്ക സമുദായങ്ങളായ മിശ്രവിവാഹിതരുടെ കുട്ടികൾക്ക് പ്രത്യേകിച്ച് യാതൊരാനുകൂല്യവും ഇന്ന് ലഭിക്കുന്നില്ല. ഇക്കാര്യം സർക്കാർ പരിഗണിക്കുകയും ഇന്നു നൽകി വരുന്ന ആനുകൂല്യങ്ങൾ അവർക്കു കൂടി ബാധകമാക്കിക്കൊണ്ട് തീരുമാനം എടുക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. മിശ്രവിവാഹിതരിലൊരാൾ പിന്നോക്ക സമുദായാംഗമാണെങ്കിൽ അവരുടെ കുട്ടികൾക്ക് പിന്നോക്ക സമുദായക്കാർക്ക് നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്. വരുമാന പരിധി ഇക്കാര്യത്തിൽ ബാധകമായിരിക്കുകയില്ല.

2. വിവാഹമോചനം നടന്ന മിശ്രവിവാഹിതരുടെ കുട്ടികൾക്കും ഈ ആനുകൂല്യം ലഭിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എം. കരുണാകരൻ തമ്പി

അണ്ടർ സെക്രട്ടറി

Scanned by CamScanner

Kerala High Court
C.D.Vinesh vs The Sub Divisional Magistrate

IN THE HIGH COURT OF KERALA AT ERNAKULAM

PRESENT:

THE HONOURABLE MR. JUSTICE P.B.SURESH KUMAR

FRIDAY, THE 26TH DAY OF MAY 2017/5TH JYAISHTA, 1939

WP(C).No. 17445 of 2017 (E)
----------------------------

PETITIONER:
-----------

C.D.VINESH,
S/O.DAMODHARAN, AGED 26 YEARS,
CHOZHIDAKATH HOUSE, THOYAKKAVU P.O.,
THRISSUR DISTRICT - 680 513.

BY ADVS.SMT.DAISY A.PHILIPOSE
SRI.JAI GEORGE

RESPONDENT(S):
--------------

1. THE SUB DIVISIONAL MAGISTRATE,
THRISSUR - 680 001.

2. TAHSILDAR,
CHAVAKKAD - 680 513.

3. THE GENERAL MANAGER (HR),
BHARAT PETROLEUM CORPORATION LTD,
KOCHI REFINERY, AMBALAMUGAL - 682 302.

R1,R2 BY SENIOR GOVERNMENT PLEADER SRI.S KANNAN
R3 BY ADV. SRI.M.GOPIKRISHNAN NAMBIAR

THIS WRIT PETITION (CIVIL) HAVING COME UP FOR ADMISSION ON 26-05-2017, THE COURT ON THE SAME DAY DELIVERED THE FOLLOWING:

K.V.

WP(C).No. 17445 of 2017 (E)
----------------------------

APPENDIX



Scanned by CamScanner

PETITIONER(S)' EXHIBITS

-----------------------

EXHIBIT P1. A TRUE COPY OF THE RELEVANT EXTRACT OF THE SECONDARY SCHOOL LEAVING CERTIFICATE ISSUED TO THE PETITIONER BY THE SECRETARY BOARD OF PUBLIC EXAMINATIONS.

EXHIBIT P2. A TRUE COPY OF THE NON-CREAMY LAYER CERTIFICATE DATED 20.10.2016 ISSUED TO THE PETITIONER BY THE 2ND RESPONDENT.

EXHIBIT P3. A TRUE COPY OF THE PROCEEDINGS DATED 26.04.2017 ISSUED BY THE 2ND RESPONDENT.

EXHIBIT P4. A TRUE COPY OF THE COMPLAINT DATED 20.05.2017 SUBMITTED BY THE PETITIONER BEFORE THE 1ST RESPONDENT.

EXHIBIT P5. A TRUE COPY OF THE SHOW CAUSE NOTICE DATED 16.05.2017 ISSUED TO THE PETITIONER BY THE 3RD RESPONDENT.

EXHIBIT P6. A TRUE COPY OF THE EXPLANATION TO THE SHOW CAUSE NOTICE DATED 16.05.2017 SUBMITTED BY THE PETITIONER ON 24.05.2017 BEFORE THE 3RD RESPONDENT.

EXHIBIT P7. A TRUE COPY OF G.O.(MS)NO.806/79/DD DATED 24.04.1979.

EXHIBIT P8. A TRUE COPY OF G.O.(MS)NO.255/2005/SCSTDD DATED 20.06.2005.

RESPONDENT(S)' EXHIBITS NIL

-----------------------

/TRUE COPY/

P.A.TO JUDGE

K.V

P.B. SURESH KUMAR, J.

-------------------------------------------

W.P.(C) No.17445 of 2017

-------------------------------------------

Dated this the 26th day of May, 2017



Scanned by CamScanner

JUDGMENT

A non-creamy layer certificate issued to the petitioner has been cancelled by the second respondent as per Ext.P3 order. In the meanwhile, the petitioner secured a job in the Bharath Petroleum Corporation Limited on the strength of the non-creamy layer certificate. It is seen that in the light of Ext.P3 order, the employer of the petitioner viz, Bharath Petroleum Corporation Limited has issued Ext.P5 notice directing the petitioner to show cause why his appointment shall not be revoked. Challenging Ext.P3 order, the petitioner has preferred Ext.P4 representation before the first respondent. The case of the petitioner is that he is entitled to the non-creamy layer certificate issued to him and that the second respondent is not justified in revoking the same. The petitioner, therefore, challenges Ext.P3 order in this proceedings.

2. Heard the learned counsel for the petitioner, the learned Standing Counsel for the third respondent as also the learned Government Pleader.

3. The question whether the petitioner is entitled to the non-creamy layer certificate issued to him is a matter to be decided primarily by the executive authorities. As such, in so far as the petitioner has preferred Ext.P4 representation in this regard before the Sub-Divisional Magistrate, Thrissur, I am of the view that the writ petition can be disposed of directing the first respondent to take a decision on Ext.P4 representation, within two months from the date of receipt of a copy of this judgment. Ordered accordingly. Needless to say that until a decision is taken by the first respondent on Ext.P4, further action shall not be taken by the third respondent pursuant to Ext.P5 notice. It is made clear that the petitioner shall be given an opportunity of hearing also while complying with the direction aforesaid by the first respondent.

Sd/-

P.B. SURESH KUMAR JUDGE bpr



Scanned by CamScanner

തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം

ഹാജർ : കെ. അജീഷ്

വിഷയം : നോൺ ക്രിമിലയർ സാക്ഷ്യപത്രം റദ്ദ് ചെയ്ത ഉത്തരവ് മരവിപ്പിച്ച് സാക്ഷ്യപത്രം അനുവദിക്കുന്നത് - സംബന്ധിച്ച്

പരാമർശം : 1) ശ്രീ വിനേഷ് സി. ഡി. എന്നവരുടെ അപേക്ഷ

2) ചാവക്കാട് തഹസിൽദാരുടെ 23-5-2017 തിയ്യതിയിലെ A3-6176/17 നമ്പർ റിപ്പോർട്ട്

3) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 26-5-2017 തിയ്യതിയിലെ WP (C) 17445/17 of E നമ്പർ വിധി

**ഉത്തരവ് നമ്പർ B4-8132/2017 തിയ്യതി 22-7-2017**

പരാമർശം (1) പ്രകാരം ശ്രീ വിനേഷ് സി. ഡി. എന്നവർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ ടിയാന് ജോലി ആവശ്യത്തിലേക്കായി ചാവക്കാട് തഹസിൽദാർ അനുവദിച്ച നോൺ ക്രിമിലെയർ സാക്ഷ്യപത്രം റദ്ദ് ചെയ്തതിന് എതിരായി അപ്പീൽ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. ടി വിഷയത്തിൽ പരാമർശം (2) പ്രകാരം ചാവക്കാട് തഹസിൽദാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. സാക്ഷ്യപത്രം റദ്ദ് ചെയ്തതിനെതിരെ ടിയാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സമർപ്പിച്ച അന്യായപ്രകാരം ടിയാന്റെ സാക്ഷ്യപത്രം സംബന്ധിച്ച തീരുമാനം എടുക്കുന്നതിനായി തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസറെ പരാമർശം (3) പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

ടി വിഷയത്തിൽ അപേക്ഷ വിശദമായി പരിശോധിച്ചതിൽ അപേക്ഷന്റെ അച്ഛൻ ഹിന്ദു മുക്കുവ വിഭാഗത്തിലും അമ്മ നായർ വിഭാഗത്തിലുംപെടുന്നതായി കാണുന്നു. അമ്മ വിവാഹശേഷം സ്വജാതിയിൽപ്പെട്ട ബന്ധുക്കളുമായി അകന്ന് ജീവിക്കുന്നതായും അപേക്ഷകനുൾപ്പെടെ കുടുംബാംഗങ്ങൾ ഹിന്ദു - മുക്കുവ ആചാര പ്രകാരം ജീവിച്ച് വരുന്നതായും കാണുന്നു. 24-4-1979 തിയ്യതിയിലെ സ. ഉ. എം. എസ്. 806/79 അനുസരിച്ച് മിശ്രവിവാഹിതരിലൊരാൾ പിന്നോക്ക സമുദായാംഗം ആണെങ്കിൽ അവരുടെ കുട്ടികൾക്ക് പിന്നോക്ക സമുദായത്തിലെ ആനുകൂല്യത്തിന് അർഹതയുള്ളതായി കാണുന്നു. ടി ഉത്തരവ് ഇപ്പോഴും നിലവിലുള്ളതാണ്.

ജസ്റ്റിസ് രാജേന്ദ്ര ബാബു കമ്മീഷൻ റിപ്പോർട്ട് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സ.ഉ.അ. നമ്പർ 81/09/SC-ST തിയ്യതി 20-9-2009 ലെ അനക്സർ A പ്രകാരം മുക്കുവൻ സമുദായം OBC യിൽ ഉൾപ്പെടുന്നു. ടി ഉത്തരവ് അനക്സർ സി. പ്രകാരം മുക്കുവ സമുദായത്തെ മേൽത്തട്ടിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായും കാണുന്നു.

അപേക്ഷകന്റെ അമ്മ OBC വിഭാഗത്തിൽ ഉൾപ്പെട്ടതല്ലെങ്കിൽ കൂടി അപേക്ഷൻ OBC യിൽ ഉൾപ്പെട്ടതല്ലായെന്ന് തഹസിൽദാർ കണ്ടെത്തിയിട്ടില്ല. അപേക്ഷകന്റെ സ്കൂൾ സർട്ടിഫിക്കറ്റ്, വില്ലേജാഫീസർ നൽകിയ V.K.G-697/16 നമ്പർ സർട്ടിഫിക്കറ്റ് എന്നിവ

Scanned by CamScanner

പ്രകാരം ടിയാൻ ഹിന്ദു - മുക്കുവ വിഭാഗത്തിൽ ഉൾപ്പെടുന്നുവെന്നും ആയത് കേന്ദ്ര ഗവൺമെന്റിന്റെ OBC ലിസ്റ്റിൽ ഉൾപ്പെടുന്നുവെന്നും കാണുന്നു. OBC വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ മേൽത്തട്ട് നിർണ്ണയിക്കുവാൻ ഷെഡ്യൂൾ പ്രകാരം കൊടുത്തിരിക്കുന്ന സ്റ്റാറ്റസ് മാനദണ്ഡപ്രകാരം എല്ലാം അപേക്ഷകന്റെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് മുമ്പ് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിച്ചതിൽ നിന്നും വ്യക്തമാണ്. മാതാപിതാക്കൾ മിശ്രവിവാഹിതരാണെങ്കിൽ മക്കൾക്ക് OBC സമുദായത്തിന്റെ അർഹത ലഭിക്കില്ലായെന്ന് എവിടെയും വ്യക്തമാക്കിയിട്ടില്ല എന്നിരിക്കെ ആ ഒരു കാരണത്താൽ മാത്രം ഒരിക്കൽ അനുവദിച്ച നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്ത തഹസിൽദാരുടെ നടപടി നിലനിൽക്കാത്തതാണ്.

പ്രസ്തുത സാഹചര്യത്തിൽ ടിയാന് ഒരിക്കൽ അനുവദിച്ചതും പിന്നീട് റദ്ദ് ചെയ്തതുമായ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നിലനിർത്തി ടിയാന് സാക്ഷ്യപത്രം 25-7-2017 ന് മുമ്പായി അനുവദിക്കുവാൻ ഇതിനാൽ ഉത്തരവാകുന്നു. ടിയാന്റെ അപ്പീൽ തീർപ്പാക്കി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പാലിച്ചിരിക്കുന്നു.

റവന്യൂ ഡിവിഷണൽ ഓഫീസർ

സ്വീകർത്താവ്

തഹസിൽദാർ, ചാവക്കാട്

പകർപ്പ് : അപേക്ഷകന്

Scanned by CamScanner